**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5550** **24-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യമേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ലക്ഷ്യമിട്ട് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ ലോകബാങ്കിൽ നിന്ന് 280 മില്യൺ ഡോളറിന്റെ ധനസഹായത്തോട്ടുകൂടി പ്രോഗ്രാം ഫോർ റിസൾട്ട് (P for R) രീതിയിൽ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിന് G.O.(MS) 51/2025/H&FWD dated 07.02.2025 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാനം പൊതുജനാരോ ഗ്യത്തിൽ, പ്രത്യേകിച്ച് മാതൃ-ശിശു ആരോഗ്യത്തിൽ, സുസ്ഥിര വികസന ലക്ഷ്യമായ 2030 ലക്ഷ്യങ്ങളെ മറികടന്ന് ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും, സംസ്ഥാനത്ത് വർദ്ധിച്ച ദീർഘകാല ചികിൽസ ആവശ്യമായ പകർച്ചേതര അഥവാ ജീവിതശൈലീ രോഗങ്ങൾ, പ്രായമാകുന്ന ജനസംഖ്യ, പകർച്ച വ്യാധികളുടെ ഔട്ട് ബ്രേക്കുകൾ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ മൂലമുള്ള വർദ്ധിച്ച അപകട സാധ്യത, ചെലവേറിയ സ്വകാര്യ ആരോഗ്യ സംരക്ഷണത്തെ ആശ്രയിക്കൽ എന്നിവ ഉൾപ്പെടെയുള്ള പുതിയ വെല്ലുവിളികൾ സംസ്ഥാനം അഭിമുഖീകരിക്കുന്നു. മേൽ സാഹചര്യത്തിൽ സമഗ്രവും പ്രതിരോധത്തിൽ ഊന്നിയുള്ളതുമായ ആരോഗ്യ സംരക്ഷണ സമീപനം ആവശ്യമാണ്. കേരളത്തിന്റെ വികേന്ദ്രീകൃത ഭരണം, സാമൂഹിക പങ്കാളിത്തം/ ഇടപഴകൽ, ജനസംഖ്യാ സാക്ഷരത എന്നിവ പ്രയോജനപ്പെടുത്തി, ഉയർന്നുവരുന്ന ആരോഗ്യ ഭീഷണികളോട്ടുള്ള പരിചരണത്തിന്റെ ഗുണ നിലവാരം, കാര്യക്ഷമത, പ്രതികരണശേഷി എന്നിവ മെച്ചപ്പെടുത്തുന്നതിന് മൂല്യാധിഷ്ഠിതവും കാര്യക്ഷമവുമായ ആരോഗ്യ സംവിധാനത്തിലേക്കുള്ള മാറ്റം നിർണായകമാണ്. തിരിച്ചറിഞ്ഞ വെല്ലുവിളികളെ നേരിടാൻ, കേരളത്തിലെ "ആരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സംവിധാനത്തിൻറെ പ്രതിരോധശേഷി |

വർദ്ധിപ്പിക്കുന്നതിനും" ഒരു ആരോഗ്യ മേഖല പരിഷ്കരണ പരിപാടിക്കായി കേരള സർക്കാർ ലോക ബാങ്ക് സഹായം തേടിയിട്ടുണ്ട്. കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം (കെ.എച്ച്.എസ്.ഐ.പി) എന്ന ഈ പദ്ധതി പ്രോഗ്രാം ഫോർ റിസൽറ്റ് എന്ന അവലോകന സംവിധാനം വഴിയാണ് പ്രോഗ്രാം ഡെവലപ്മെന്റ് ഒബ്ജക്റ്റീവ്സ് (പിഡിഒ) ലക്ഷ്യങ്ങൾ കൈവരിക്കുന്നത്.

ഉയർന്ന ജീവിത നിലവാരം, ദീർഘായുസ്സ് എന്നിവ ഉറപ്പ് വരുത്തുന്നതിനും തടയാവുന്ന രോഗങ്ങൾ, പരിക്കുകൾ, അകാല മരണം എന്നിവയിൽ നിന്ന് മുക്തമായ ജീവിതം കെട്ടിപ്പടുക്കുക എന്നതിനായി കേരളത്തിലെ ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. പ്രസ്തുത ഇടപെടലുകൾ പാവപ്പെട്ടവരുടെ ക്ഷേമവും അവരിലേക്ക് പ്രസ്തുത പദ്ധതികളുടെ ഗുണ ഫലങ്ങൾ എത്തി ചേരുന്നു എന്ന് ഉറപ്പാക്കുന്നതുമായിരിക്കും.

കേരളത്തിലെ ജനസംഖ്യാ ഘടനയിലെ മാറ്റവും (കൂടുതൽ വയോജനങ്ങൾ), കൂടുതൽ രോഗികൾ, പകർച്ചവ്യാധികൾ ബാധിച്ചിട്ടുള്ളവർ, പകർച്ചേതര വ്യാധി കളിലുള്ളവർ എന്നിങ്ങനെയുള്ള അവസ്ഥ കളെ നേരിട്ട് മൂല്യാധിഷ്ഠിത സംരക്ഷണം ആരോഗ്യ സംരക്ഷണം നൽകുന്നതിന് പ്രതിരോധശേഷിയുള്ള ആരോഗ്യ സംവിധാനങ്ങൾ നിർമ്മിക്കുക യാണ് ഇത് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ ഉയർന്നുവരുന്ന ഭീഷണികളോട് ഫലപ്രദമായി പ്രതികരിക്കുന്നതിനും കേരളത്തിലെ ആരോഗ്യ വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത് സഹായിക്കും. പകർച്ചേതര വ്യാധികൾ തടയുന്നതിനായി സമഗ്രമായ ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുക, ഉയർന്നുവരുന്ന ആരോഗ്യ ഭീഷണികളെ തടയുകയും പ്രതികരിക്കുകയും ചെയ്യുക, ആംബുലൻസും ട്രോമ രജിസ്ട്രിയും ഉൾപ്പെടെ 24x7 അടിയന്തര പരിചരണ സൗകര്യങ്ങളുടെ ഒരു ശൃംഖല സൃഷ്ടിച്ചുകൊണ്ട് എമർജൻസി, ട്രോമ കെയർ സേവനങ്ങൾ ശക്തിപ്പെടുത്തുക; കൂടാതെ നിലനിൽക്കുന്ന വെല്ലുവിളികളും പുതുതായി ഉയർന്നുവരുന്ന പ്രശ്നങ്ങളും പ്രധാനമായും വയോജനങ്ങളുടെ സേവനങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും കൂടെ ഇടപെടൽ ഉറപ്പാക്കി, ആരോഗ്യ സംവിധാനങ്ങൾ റീ-എഞ്ചിനീയർ ചെയ്യുകയും; മനുഷ്യവിഭവശേഷി ശക്തിപ്പെടുത്തൽ; വിഭവശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക; ഡിജിറ്റൽ ആരോഗ്യ ആപ്ലിക്കേഷനുകൾ

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുകയും ആരോഗ്യത്തിനായി പൊതു ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് പ്രത്യേക പരിഗണന പ്രസ്തുത പദ്ധതി വഴി നൽകുന്നതാണ് .<br><br>2025-2030 വരെയുള്ള അഞ്ചു വർഷത്തിൽ കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിൽ സമഗ്ര മാറ്റം കൊണ്ടു വരാനാണ് ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ലക്ഷ്യം. |
| (ബി) | 'ആർദ്രം ആരോഗ്യം' ജീവിതശൈലീ രോഗ നിർണ്ണയ സ്ക്രീനിംഗിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജീവിതശൈലി രോഗസാധ്യത കൂടിവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ആർദ്രം മിഷന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി ആദ്യ ഘട്ടം പൂർത്തിയാക്കി.<br><br>വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ടം സംസ്ഥാനത്ത് ജൂൺ 2024 മുതൽ ആരംഭിക്കുകയുണ്ടായി. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ശൈലി എന്ന ആപ്ലിക്കേഷനിലൂടെ സംസ്ഥാനത്തെ 30 വയസ്സിനുമുകളിൽ പ്രായമുള്ള 1,81,11,775 പേരെയാണ് ഈ പദ്ധതിയിലൂടെ സർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതിൽ 1,16,37,401 പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 51,32,034 പേർക്ക് ജീവിതശൈലീ രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക് ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2,28,122 പേർക്ക് ക്യാൻസർ രോഗ സാധ്യതയും, 2,62,482 പേർക്ക് ടി.ബി. രോഗത്തിനുള്ള സാധ്യതയും, 4,24,894പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 15,31,307 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 10,20,627 പേർക്ക് പ്രമേഹ രോഗമുള്ളതായും, 6,93,318 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയിട്ടുണ്ട്.<br><br>"അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" ക്യാമ്പയിന്റെ ഭാഗമായി ജീവിത ശൈലി രോഗ നിർണ്ണയ സ്ക്രീനിംഗ് നടന്നു വരുന്നു. ഇത് 80% വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. "അല്പം ശ്രദ്ധ-ആരോഗ്യം ഉറപ്പ്'' ക്യാമ്പയിനിലൂടെ ജനങ്ങൾക്കിടയിൽ ജീവിത ശൈലീ രോഗങ്ങളെകുറിച്ച് അവബോധം സൃഷ്ടിക്കു കയും ജീവിതത്തിൽ പാലിക്കേണ്ട ആരോഗ്യ |

| | | | |
|---|---|---|---|
| | | | ശീലങ്ങളെകുറിച്ച് ഓർമ്മപ്പെടുത്തുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ